ത്രിതല പഞ്ചായത്തുകൾ വഴി നടപ്പാക്കിയ പദ്ധതികൾ

71 (3038) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൽ നാളിതുവരെ ത്രിതല പഞ്ചായത്തുകൾ വഴി എത്ര കോടി രൂപയുടെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ ;

(ബി) 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിന്റെ എത്ര ശതമാനം തുക ചെലവഴിച്ചു എന്നത് വിശദമാക്കാമോ ;

(സി) 2014-15 വർഷത്തെ എസ്.സി.പി./ടി.എസ്.പി. ഇനത്തിൽ വകയിരുത്തിയ തുകയും ചെലവഴിച്ചതിന്റെ വിശദാംശവും വ്യക്തമാക്കാമോ ?

ഉത്തരം

(എ)

ത്രിതല പഞ്ചായത്ത്	പദ്ധതികൾക്ക് ചെലവഴിച്ച തുക
ജില്ലാ പഞ്ചായത്ത്	416.7307 കോടി
ബ്ലോക്ക് പഞ്ചായത്ത്	397.1215 കോടി
ഗ്രാമ പഞ്ചായത്ത്	1481.5652 കോടി

(ബി)

ത്രിതല പഞ്ചായത്തുകൾ	ശതമാനം (ബഡ്ജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ)
ജില്ലാ പഞ്ചായത്ത്	67.5
ബ്ലോക്ക് പഞ്ചായത്ത്	63.95
ഗ്രാമ പഞ്ചായത്ത്	65.19

(സി)

	വകയിരുത്തിയ തുക (രൂപ)	ചെലവഴിച്ച തുക (രൂപ)
എസ്.സി.പി.	1761,29,75,301	512,27,23,188
ടി.എസ്.പി.	309,17,56,075	98,28,93,196

LIBRARY ARCHIVES Kerala Legislative Assembly